ശ്രീ. കെ. നാരായണക്കുറുപ്പ്: 25-ം അതിൽ കൂടുതലും സർവ്വീസുകം തുടങ്ങാൻ കഴിയുന്ന സ്ഥലത്തുമാത്രമേ തുടങ്ങിയിട്ടുള്ളു. അങ്ങനെയുള്ള സ്ഥലത്തുമാത്രമേ തുടങ്ങുകയുള്ളു.

ശ്രീ. എസ്. ത്യാഗരാജൻ: പുതിയ ഗ്യാരേജുകൾ നിർമ്മിക്കുമ്പോൾ ശീർഘദൂരയാത്രക്കാർക്ക് അൽപ്പം വിശ്രമിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുവാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഓരോ ഡിപ്പോയിലും വളരെ കുറച്ചു സമയം മാത്രമേ നിറുത്താൻ അവകാശമുള്ളൂ. കൂടുതൽ സമയം കൊടുക്കുന്ന സ്ഥലത്തു ഭക്ഷണത്തിനും മറ്റുമായതുകൊണ്ട് കൂടുതൽസമയം വിശ്രമിക്കേണ്ട ആവശ്യം വരുന്നില്ല. ഇപ്പോഴത്തെ അൽപ്പം വിശ്രമിക്കുവാൻ ആവശ്യമായ ഏർപ്പാടുകളുണ്ട്.

ശ്രീ. കെ. ജെ. ചാക്കോ: ചങ്ങനാശ്ശേരി സബ് ഡിപ്പോ ഡി.ടി.ഒ. ആയി ഉയർത്തിയിട്ടുള്ളതായി പത്രങ്ങളിൽ കണ്ടു. എന്നാൽ അവിടെ വേണ്ടത്ര സൗകര്യമില്ലെന്നുള്ളതു പരിഗണിച്ച് പ്രത്യേകമായ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ചങ്ങനാശ്ശേരിയിലെ ബസ്സ്റ്റേഷൻ ഒഴിച്ച് ബാക്കിയെല്ലാം മറ്റൊരു ഭാഗത്തേയ്ക്കു മാറ്റാൻ തീരുമാനമെടുത്തിട്ടുണ്ട്. ഈ വർഷം സ്ഥലമെടുത്തു പണി ആരംഭിക്കുമെന്നാണ് എന്റെ വിശ്വാസം.

ബസ്സുകളിൽ ഡബിൾ ഡോർ സമ്പ്രദായം

* 814 [882] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെകാണുന്ന ചോദ്യത്തിന് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

യാത്രക്കാർക്ക് തിക്കും തിരക്കും അപകടവും കൂടാതെ സൗകര്യമായി കയറിഇറങ്ങുവാൻ പാകുന്നവിധത്തിൽ ബസ്സുകളിൽ ഇടതുവശം മദ്ധ്യഭാഗത്തായി ഹാൻഡ് റെയിൽസ് പിടിപ്പിക്കുകയും രണ്ടായിതിരിച്ച് ഡബിൾ ഡോറുകൾ ഏർപ്പെടുത്തുകയും ചെയ്യുന്ന തരത്തിലുള്ള ഡബിൾ ഡോർ സമ്പ്രദായം പുതിയതായി ഇറങ്ങുന്ന ട്രാൻസ്പോർട്ട് ബസ്സുകളിൽ ഏർപ്പെടുത്തുവാൻ വേണ്ട നടപടികൾ എടുക്കുമോ?

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്): ഈ നിർദ്ദേശം പരിശോധിക്കാം.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, വാഹനങ്ങളുടെ വലതുപക്ഷത്തുള്ള എല്ലാ വാതിലുകളും അടച്ച് ഇടതു പക്ഷത്തുമാത്രം വാതിലുകൾ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ? അപകടങ്ങൾ സംഭവിക്കുമ്പോൾ ഡ്രൈവർമാർ ചാടി പോകാതിരിക്കുവാൻ അവരുടെസീറ്റിനടുത്തുള്ള വാതിലും അടയ്ക്കാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഇടതുപക്ഷത്താണ് വാതിലുകളുള്ളത്. രണ്ടു വാതിലാക്കുന്ന കാര്യം ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly